# പതിമൂന്നാം കേരള നിയമസഭ

## (പതിനാലാം സമ്മേളനം)

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 461 22/07/2015-ൽ മറുപടിയ്ക്ക്

## കൊഞ്ചുവളർത്തൽ പദ്ധതി

**ചോദ്യം**

ശ്രീ. പി. ബി. അബ്ദുൾ റസാക്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:
ശ്രീ. കെ. എം. ഷാജി:

**മറുപടി**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):

| ചോദ്യം | മറുപടി |
|---|---|
| (എ) ചെമ്മീൻ കയറ്റുമതിയിൽ, പ്രധാനമായും വളർത്തു കൊഞ്ചിൽ നിന്നാണ് കൂടുതൽ വരുമാനം ലഭിക്കുന്നതെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതിൽ സംസ്ഥാനത്തിന്റെ സംഭാവന എത്രത്തോളമെന്ന് വിശദമാക്കുമോ; | (ബി) MPEDA യുടെ കണക്കുകൾ പ്രകാരം 2014-15 ലെ ഇന്ത്യയുടെ മൊത്തം ചെമ്മീൻ കയറ്റുമതിയിൽ നിന്ന് ലഭിച്ച വരുമാനമായ 22,468.12 കോടി രൂപയിൽ 17,180.40 കോടി രൂപ വളർത്തുകൊഞ്ചിന്റെ കയറ്റുമതിയിൽ നിന്നുള്ള വരുമാനമാണ്. അതിൽ കേരളത്തിൽ നിന്ന് 974.78 കോടി രൂപയുടെ (US ഡോളർ 160.81 മില്ല്യൻ) 17,192.81 ടൺ വളർത്തു കൊഞ്ച് കയറ്റുമതി ചെയ്തിട്ടുണ്ട്. ആറ്റുകൊഞ്ച്, വനാമി ചെമ്മീൻ എന്നീ ഇനങ്ങളാണ് പ്രധാനമായും കയറ്റുമതി ചെയ്യുന്നത്. സംസ്ഥാന സർക്കാർ മത്സ്യസമൃദ്ധി പദ്ധതി മുഖേനയും അഡാക്ക് മുഖേനയും ചെമ്മീൻ കൃഷി നടപ്പിലാക്കുന്നുണ്ട്. |

| | |
|---|---|
| (സി) കയറ്റുമതി പ്രാധാന്യമുള്ള കൊഞ്ചിനങ്ങൾ കൂടുതൽ പ്രദേശങ്ങളിൽ വ്യാപിപ്പിക്കുന്നതിനും കർഷകർക്ക് കൂടുതൽ സഹായങ്ങൾ നൽകുന്നതിനുമുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുമോ ? | (സി) കയറ്റുമതി പ്രാധാന്യമുള്ള കൊഞ്ചിനങ്ങൾ കൂടുതൽ പ്രദേശങ്ങളിൽ വ്യാപിപ്പിക്കുന്നതിനും കർഷകർക്ക് കൂടുതൽ സഹായങ്ങൾ നൽകുന്നതിനുമുള്ള പദ്ധതി കൾ ഇതിനകം ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഉൾനാടൻ മത്സ്യമേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് കേരള സർക്കാർ ഫിഷറീസ് വകുപ്പ് മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കിയ മത്സ്യസമൃദ്ധി പദ്ധതി മുഖേന ശുദ്ധജല മത്സ്യ /ആറ്റുകൊഞ്ച് കൃഷിക്ക് ഹെക്ടറിന് 10000 രൂപയും ഓരുജല ചെമ്മീൻ കൃഷിക്ക് ഹെക്ടറിന് 20000 രൂപയും സബ്സിഡിയായി നൽകിയിരുന്നു. പദ്ധതി മുഖേന 2014-15 വർഷത്തിൽ 2500 ഹെക്ടറിൽ ചെമ്മീൻ കൃഷിയും 9834 ഹെക്ടറിൽ മത്സ്യ/ആറ്റുകൊഞ്ച് കൃഷിയും നടപ്പിലാക്കുവാൻ സാധിച്ചു. മത്സ്യ സമൃദ്ധി പദ്ധതി മുഖേന കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി (2012-15) ഏകദേശം 29 ടൺ വളർത്തു കൊഞ്ചും (ആറ്റ് കൊഞ്ച്) 6700 ഓളം ടൺ ചെമ്മീനും ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതിലൂടെ സംസ്ഥാനത്ത് 138.45 കോടി രൂപയുടെ വിറ്റുവരവ് കണക്കാക്കുന്നു. അഡാക്ക് മുഖാന്തിരം നടപ്പിലാക്കി വരുന്ന 13-ാം ധനകാര്യ കമ്മിഷൻ അവാർഡ് കുട്ടനാട് പാക്കേജ് ഒരു നെല്ലും ഒരു മീനും പദ്ധതി വഴി 5600 കിലോഗ്രാം ആറ്റുകൊഞ്ച് വിളവെടുത്തിട്ടുണ്ട്. ഇതിൽ നിന്നും കർഷകർക്ക് 22.4 ലക്ഷം രൂപ വരുമാനം ലഭിച്ചു. ഇന്റഗ്രേറ്റഡ് ഫാമിംഗ് 2014-15 പദ്ധതിയിൽ പൊക്കാളി നിലങ്ങളിലെ ചെമ്മീൻ കൃഷിയിൽ ഈ കഴിഞ്ഞ വർഷം 205.60 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തതിൽ വാണിജ്യപ്രാധാന്യമുള്ള 133.645 ടൺ കാരചെമ്മീൻ (P.monodon) ഉല്പാദനവും, കോൾ നിലങ്ങളിലെ ഒരു നെല്ലും ഒരു മീനും പദ്ധതിയിൽ 116 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തതിൽ 19.75 ടൺ ആറ്റുകൊഞ്ച്(M.rosenbergii) ഉല്പാദനവും ആർ.കെ.വി.വൈ. ധന സഹായത്തോടെ നടപ്പിലാക്കിയ സംയോജിത ആറ്റുകൊഞ്ചു മത്സ്യകൃഷി പദ്ധതിയിൽ 75 ടൺ ആറ്റുകൊഞ്ചും ലഭിക്കുകായി. കൈപ്പാട് കൃഷി |

പുനരുദ്ധാരണ പദ്ധതി വഴി 2012-13 വർഷത്തിൽ 18 ഗ്രൂപ്പുകൾക്കുള്ള പദ്ധതിയിൽ 53.469 ടൺ ചെമ്മീൻ വിളവെടുപ്പ് നടത്തിയിട്ടുണ്ട്. 2013-14 വർഷം 17 ഗ്രൂപ്പുകൾ ചെമ്മീൻ കൃഷി ചെയ്യുകയും ഇതുവരെ 1.372 ടൺ ചെമ്മീൻ ഉത്പാദനം നടത്തുകയും ചെയ്തു. കൂടാതെ പൊതു ജലാശയങ്ങളിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 114 ലക്ഷം വളർത്തു കൊഞ്ച് ഉൾപ്പെടെയുള്ള വിവിധയിനങ്ങളെ പൊതു ജലാശങ്ങളിൽ നിക്ഷേപിക്കുകയുണ്ടായി.

2015 - 2018 കാലയളവിൽ നടപ്പിലാക്കുന്ന മത്സ്യസമൃദ്ധി II എന്ന പദ്ധതിയിലൂടെ ശാസ്ത്രീയമായ കൃഷിരീതികൾ ഉപയോഗിച്ച് വിപണിയിൽ എപ്പോഴും ആവശ്യമുള്ളതും കയറ്റുമതി രംഗത്ത് പ്രചാരമുള്ളതുമായ ചെമ്മീൻ വിത്തുകൾ (ശുദ്ധജല ആറ്റുകൊഞ്ച്, കാര ചെമ്മീൻ, നാരൻ ചെമ്മീൻ, വനാമി ചെമ്മീൻ മുതലായവ) പദ്ധതി മുഖേന കർഷകർക്ക് ലഭ്യമാക്കുവാനും ഏകദേശം 8000 ഹെക്ടർ ഏരിയയിൽ ആറ്റുകൊഞ്ച് /ചെമ്മീൻ കൃഷി വ്യാപിപ്പിക്കുവാനും ലക്ഷ്യമിടുന്നു. കൂടാതെ തൃശൂർ ജില്ലയിലെ പൊയ്യാ ഫാമിന്റെ പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി പൊയ്യാ ഫാമിലെ 2 ഹെക്ടർ വിസ്തൃതിയിൽ പരീക്ഷണാടിസ്ഥാനത്തിൽ വനാമി കൃഷി ചെയ്യുവാൻ ഉദ്ദേശിക്കുന്നു. ടി പദ്ധതി വിജയകരമായാൽ കർഷകർക്ക് സാമ്പത്തിക സഹായം നൽകി വിപുലമായ രീതിയിൽ വനാമി കൃഷി നടപ്പിലാക്കാവുന്നതാണ്.

**സെക്ഷൻ ആഫീസർ**